**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3504 20.06.2018-ന് മറുപടി നൽകേണ്ടിയിരുന്നത്

**വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഗുണഭോക്തൃകമ്മറ്റി കൺവീനർമാർക്കെതിരെയുള്ള കേസുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) 2005-2006 വർഷത്തിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വികസന ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഗുണഭോക്തൃകമ്മറ്റികൾ മുഖേന നടത്തിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ കൺവീനർമാർക്കെതിരെ, ഈ പ്രവൃത്തികൾക്കായി ടാർ വാങ്ങിയതിൽ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട് എന്ന് ആരോപിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ഇവരെ പ്രതികളാക്കി കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നിരവധി കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മാത്രമേ നടത്താൻ കഴിയുകയുള്ളു എന്ന വ്യവസ്ഥ ഉണ്ടായിരുന്നതിനാൽ മാത്രം, ഇങ്ങനെ രൂപീകരിച്ച കമ്മറ്റികളുടെ കൺവീനർ മാരായി പ്രവർത്തിച്ച വ്യക്തികളെ ക്രിമിനൽ കേസിൽ ഉൾപ്പെടുത്തിയും ഉപയോഗിച്ച ടാറിന്റെ അളവും | (ബി) പ്രസ്തുത കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരുന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും പരാതിക്കാർ ഉന്നയിച്ചിരുന്ന വാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം |

| | |
|---|---|
| നിലവാരവും സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരെ ഒഴിവാക്കിയും ഫയൽ ചെയ്ത കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് 7.7.2015-ൽ അന്നത്തെ ആഭ്യന്തരമന്ത്രിക്ക് നൽകിയ പരാതി മന്ത്രി എ.ഡി.ജി.പി. (ക്രൈം)ന് അയച്ചതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | ആരാഞ്ഞിട്ടുള്ളതുമാണ്. അഭിപ്രായം ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഓരോ പ്രദേശത്തെയും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി രൂപീകരിച്ച കമ്മറ്റിയുടെ കൺവീനർമാരായി പ്രവർത്തിച്ച എന്ന ഒറ്റക്കാരണത്താൽ ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ടവരുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) ടി കേസ്സുകൾ ബഹു.കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ